**മലയാളികളെ സുരക്ഷിതമായി എത്തിക്കാൻ കർമ്മ പദ്ധതികൾ**

100 (1474) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. വർക്കല കഹാർ :.
ശ്രീ. ബെന്നി ബെഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള സർക്കാരിന്റെ കാലത്ത് വിദേശ രാജ്യങ്ങളിലെ സംഘർഷ മേഖലയിൽ നിന്നും മലയാളികളെ സുരക്ഷിതമായി എത്തിക്കാൻ എന്തെല്ലാം കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പ്രസ്തുത പദ്ധതി നടത്തിപ്പിന് ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ-സി) വിദേശരാജ്യങ്ങളിലെ സംഘർഷം ഉൾപ്പെടെയുള്ള അടിയന്തര സാഹചര്യങ്ങളിൽ കഴിയുന്ന പ്രവാസീകേരളീയരെ തിരികെ നാട്ടിലെത്തിക്കുന്നതിന് എമർജൻസി റിപ്പാട്രിയേഷൻ ഫണ്ട് പദ്ധതി നിലവിലുണ്ട്. ഈ പദ്ധതി പ്രകാരം വിദേശരാജ്യങ്ങളിൽ ആഭ്യന്തര കലാപം, യുദ്ധം തുടങ്ങി സമാനമായ സന്ദർഭങ്ങളിൽ പ്രവാസി കേരളീയരെ തിരികെ നാട്ടിലെത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. നിലവിലുള്ള സർക്കാരിന്റെ കാലത്ത് ഈ പദ്ധതി പ്രകാരം അനുവദിച്ചിട്ടുള്ള ഫണ്ട് ഉപയോഗപ്പെടുത്തി വിദേശരാജ്യങ്ങളിൽനിന്നും കേരളീയരെ തിരികെയെത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിവിധ രാജ്യങ്ങളിൽനിന്ന് കുടുങ്ങിപോയ പ്രവാസി മലയാളികളെ ഒഴിപ്പിക്കേണ്ടിവന്ന സാഹചര്യങ്ങളിൽ നോർക്ക വകുപ്പിന്റെയും നോർക്ക-റൂട്ട്സിന്റെയും ആഭിമുഖ്യത്തിൽ കേരളത്തിലെ മൂന്ന് എയർപോർട്ടുകളിലും ഹെൽപ് ഡെസ്ക് സംവിധാനം ഏർപ്പെടുത്തുകയും, മുംബൈയിലും, ഡൽഹിയിലുമുള്ള എയർപോർട്ടുകളിലും ഹെൽപ് ഡെസ്ക് സംവിധാനം ഏർപ്പെടുത്തുകയും ചെയ്തിരുന്നു.

പ്രസ്തുത കേന്ദ്രങ്ങളിൽ തിരികെയെത്തുന്നവർക്ക് രജിസ്ട്രേഷൻ സൗകര്യം ഏർപ്പെടുത്തുകയും ചെയ്തിരുന്നു. മുംബൈ, ഡൽഹി, വിമാനത്താവളങ്ങളിൽ

LIBRARY ARCHIVES Kerala Legislative Assembly

എത്തിച്ചേർന്നവർക്ക്, അവിടെ താമസസൗകര്യം, ഭക്ഷണം എന്നിവ നൽകാനും വിമാന മാർഗ്ഗം നാട്ടിലെത്തിക്കുന്നതിനുമാവശ്യമായ നടപടികൾ സ്വീകരിച്ചിരുന്നു. ഇവർ എത്തിച്ചേരുന്ന സ്ഥലത്തെ വിമാനത്താവളത്തിൽനിന്നും നാട്ടിലെത്തിക്കുന്നതിന് വാഹന സൗകര്യം കൂടാതെ അടിയന്തര ചെലവുകൾക്കായി 2,000 രൂപയും നൽകിയിരുന്നു. ഈ സർക്കാരിന്റെ കാലത്ത് വിവിധ രാജ്യങ്ങളിൽനിന്നും തിരികെയെത്തിയവരുടെ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

| വർഷം | രാജ്യം | എണ്ണം |
|---|---|---|
| മെയ് 2011 | യെമൻ | 441 |
| നവംബർ 2013 | സൗദി അറേബ്യ | 266 |
| ജൂൺ 2013 | ഇറാഖ് | 418 |
| ഓഗസ്റ്റ് 2014 | ലിബിയ | 532 |
| ഏപ്രിൽ 2015 | യെമൻ | 2444 |
| ആകെ | | 4101 |

ഇതിലേയ്ക്കായി ഈ സർക്കാരിന്റെ കാലത്ത് ആകെ 1.92 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

## പ്രവാസികാര്യ വകുപ്പ്

101 (1475) ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :
ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ പ്രവാസികാര്യ വകുപ്പ് നിർത്തലാക്കിയ വിവരം ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ബി) പ്രസ്തുത നടപടി പ്രവാസികളെ ഏറെ ദോഷകരമായി ബാധിക്കുന്നതാണെന്ന വസ്തുത പരിഗണിക്കുകയുണ്ടായോ;

(സി) പ്രവാസികൾ ഏറെയുള്ള കേരളത്തെ പ്രതികൂലമായി ബാധിക്കുമെന്നത് കണക്കിലെടുത്ത് മറ്റ് സംസ്ഥാനങ്ങളുമായി കൂടിച്ചേർന്ന് പരിഹാര നടപടിക്കായി മുൻകൈയെടുക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly